(30) കൊടുങ്കാറ്റും പേമാരിയും മൂലം തിരുവല്ല പ്രദേശത്തുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. പി. സി. തോമസ് (തിരുവല്ല) : സർ, മാർച്ച് മാസം 18-ാം തീയതി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തിരുവല്ല ടൗണിലും പ്രാന്തപ്രദേശങ്ങളായ കുറ്റൂർ, തലയാൽ, തെങ്ങേലി, ഓതറ, തിരുമൂലപുരം, കവിയൂർ, മേപ്രാൽ, പെരിങ്ങര, ചാത്തങ്കരി മുതലായ സ്ഥലങ്ങളിലുണ്ടായ അതിഭയങ്കരമായ കൊടുങ്കാറ്റിന്റെയും പെരുമഴയുടെയും ഫലമായി അനേകം കെട്ടിടങ്ങളുടെ ഓടും, ആസ്ബസ്റ്റോസ് ഷീറ്റുകളും കാറ്റിൽ പറന്നു പോവുകയും അനേകം ചെറിയ കുടിലുകൾ നിലം പതിക്കുകയും ചെയ്തു.

തിരുവല്ല ആർ.ഡി.ഒ. ഓഫീസിനു സമീപമുള്ള എം.ജി.എം. ഹൈസ്ക്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ ആസ്ബസ്റ്റോസ് ഷീറ്റുകൾ തകർന്നു വീണു, തിരുവല്ല ചന്തക്കടവിനു സമീപമുള്ള നിരവധി വീടുകളുടെ മേൽക്കൂര പറന്നു പോയി. മരങ്ങൾ വീണ് പല വീടുകൾക്കും നാശങ്ങൾ സംഭവിച്ചു. ഓതറഭാഗത്ത് ഒട്ടുവളരെ മരങ്ങൾ ഒടിഞ്ഞും കട പുഴകിയും ഭാരിച്ച നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. എം. സി. റോഡിൽ കുറ്റൂർ ഭാഗത്ത് മരങ്ങൾ വീണ് ഗതാഗതം മണിക്കൂറുകളോളം സ്തംഭിച്ചു. ഇലക്ട്രിക് ലൈനും ടെലഫോൺ ലൈനും തൻമൂലം പല ദിവസങ്ങളിൽ മുടങ്ങി. ആലിപ്പഴം വീണ് ഷീറ്റുകളും ഓടുകളും തകർന്നു. ചുറ്റിയടിച്ച കാറ്റുമൂലം നൂറു കണക്കിന് കുലവാഴകൾ നശിച്ചുപോയി. ഈ സ്ഥലങ്ങളിലെ കൊയ്യാറായ നെല്ല്, വാഴ തുടങ്ങിയവയ്ക്കാണ് കൂടുതൽ നാശം സംഭവിച്ചത്. കരിമ്പ്, തെങ്ങിൻ തൈകൾ തുടങ്ങിയവ പിഴുതെറിയപ്പെട്ടിരിക്കുന്നു. 20 വർഷത്തിനുള്ളിൽ ഇതുപോലെ നാശനഷ്ടത്തിന് ഇടയാക്കിയ കൊടുങ്കാറ്റ് ഉണ്ടായിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഏതാണ്ട് 10 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

നാശനഷ്ടങ്ങൾ സംഭവിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഗവൺമെന്റിൽ നിന്ന് അടിയന്തര സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ നാശനഷ്ടങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കൊടുങ്കാറ്റ് ഉണ്ടായ ദിവസം തന്നെ ആ വഴി കടന്നുപോകുന്നതിന് എനിക്കും ഇടയായി. 11 a.m. സർ, കളക്ടറോട് അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(31) കുഴൽമന്ദം പഞ്ചായത്തിലെ നെയ്ച്ചുള്ളിയിൽ വെടിമരുന്നുശാലയ്ക്ക് തീ പിടിച്ചുണ്ടായ അത്യാഹിതം

ശ്രീ. ടി. കെ. ആറുമുഖൻ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുഴൽമന്ദം പഞ്ചായത്തിൽപ്പെട്ട നെയ്ച്ചുള്ളിയിലെ വെടിമരുന്ന്ശാലയ്ക്ക് തീ പിടിച്ചതിന്റെ ഫലമായി ആ സ്ഥലത്ത് വച്ചുതന്നെ മൂന്നുപേരും 9 പേരെ ജില്ലാ ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly